**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1150** **30-06-2022 - ൽ മറുപടിയ്ക്ക്**

**ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ചലച്ചിത്ര രംഗത്തെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ച് പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് ഹേമ കമ്മിറ്റിയുടെ റിപ്പോർട്ട് പുറത്ത് വിടണമെന്ന് സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകളുടെ കൂട്ടായ്മയും മറ്റ് സിനിമാ സംഘടനകളും സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ട് പുറത്ത് വിടാതിരിക്കുന്നതിലൂടെ സിനിമാ മേഖലയിൽ സ്ത്രീവിരുദ്ധ നടപടികൾ സ്വീകരിച്ചവരെ സർക്കാർ സംരക്ഷിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; | (ബി) | സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ്.കെ.ഹേമ സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് വരികയാണ്. സിനിമാ മേഖലയിലെ സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്കെതിരെയുള്ള ചൂഷണം തടയുന്നതിനുള്ള ഫലപ്രദമായ കർമ്മ പരിപാടികൾ തയ്യാറാക്കി വരുന്നു. ഇത്തരം നടപടികൾ സ്വീകരിക്കുന്നവരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവന്ന് തക്കതായ ശിക്ഷ നൽകുക എന്നതാണ് സർക്കാർ നിലപാട്. |
| (സി) | റിപ്പോർട്ട് രഹസ്യമായി സൂക്ഷിക്കുന്നതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | റിപ്പോർട്ട് പുറത്തുവിടേണ്ടതില്ലായെന്ന് ഹേമ സമിതി അദ്ധ്യക്ഷയായിരുന്ന ജസ്റ്റിസ് ഹേമയും, ആയത് പൊതു രേഖയായി പ്രസിദ്ധീകരിക്കേണ്ടതി ല്ലായെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷനും അഭിപ്രായപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ